**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1332** **01-02-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 66 വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയപാത 66 വികസനം സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതികളിൽ ഒന്നായി ഏറ്റെടുത്ത്, ആറുവരി പാതയായി വികസിപ്പിച്ച് യാഥാർത്ഥ്യമാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുത്ത് നൽകാത്തതിനെ തുടർന്ന് 2013 ൽ NHAI ദേശീയപാതാ വികസന പദ്ധതിയിൽ നിന്നും സംസ്ഥാനത്തെ ഡീ-നോട്ടിഫൈ ചെയ്ത സാഹചര്യമായിരുന്നു ഉണ്ടായത്. അതിന് ശേഷം ദേശീയ പാതാ വികസനം സാധ്യമാക്കിയത് 2016 ൽ അധികാരത്തിൽ വന്ന LDF സർക്കാരാണ്. 2016 ൽ പുതിയ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജൂൺ 15 ന് ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ദേശീയപാതാ വികസനം പുനരാരംഭിക്കാനുള്ള നടപടികൾ ചർച്ച ചെയ്തു. പിന്നീട് പ്രധാനമന്ത്രി, കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി ശ്രീ. നിധിൻ ഗഡ്കരി എന്നിവരെ സന്ദർശിച്ച് ദേശീയപാതാ വികസന പദ്ധതി പുനരാരംഭിക്കണം എന്ന് ആവശ്യപ്പെട്ടു.<br><br>ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിരന്തരം സംസ്ഥാനം ഈ ആവശ്യം ഉയർത്തി കേന്ദ്രത്തെ സമീപിച്ചു. 2019 ജൂൺ 15 ന് മുഖ്യമന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രിയും നടത്തിയ കൂടിക്കാഴ്ചയിൽ ദേശീയപാതാ വികസനം സാധ്യമാക്കുന്നതിന് കേരളം ഭൂമി ഏറ്റെടുക്കലിന് 25% തുക അനുവദിക്കണം എന്ന നിർദ്ദേശം കേന്ദ്രം മുന്നോട്ടു വച്ചു. കേരളത്തിൽ തിരിച്ചെത്തിയ ബഹു. മുഖ്യമന്ത്രി ജൂൺ 19 ന് ഉന്നതയോഗം വിളിച്ച് ദേശീയപാതാ വികസനം സാധ്യമാക്കുന്നതിന് സ്ഥലം ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കാനുള്ള തീരുമാനം എടുത്തു. ഇക്കാര്യം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തു. പിന്നീട് കേന്ദ്ര ഉത്തരവ് വൈകുന്ന ഘട്ടത്തിലും ബഹു. മുഖ്യമന്ത്രി ഇടപെട്ടു. ഇങ്ങനെ ദേശീയപാത 66 |

| | | | |
|---|---|---|---|
| | | | കടന്നു പോകുന്ന മഹാരാഷ്ട്ര – കർണ്ണാടക – തമിഴ് നാട് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായി കേരളം ഫണ്ട് ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായി. ഇതേ തുടർന്നാണ് ദേശീയപാതാ വികസനം സാധ്യമായത്. ഭൂമി ഏറ്റെടുക്കലിനുള്ള നടപടികളും സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് സമയ ബന്ധിതമായി പൂർത്തിയാക്കി.<br><br>ദേശീയപാത 66 ന്റെ ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാന വിഹിതമായി ഇതുവരെ 5580,73,80,071/- രൂപ ദേശീയപാത അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.<br><br>ദേശീയപാത വികസനത്തിന്റെ ഏകോപനം ഉറപ്പുവരുത്തുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനും പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 'മിഷൻ2025' യോഗം നടത്തുന്നുണ്ട്. മാത്രമല്ല പൊതുമരാമത്ത് വകുപ്പ് മന്ത്രി ദേശീയപാത പ്രവൃത്തി നടക്കുന്ന ഇടങ്ങളിൽ നേരിട്ട് എത്തി പ്രവൃത്തി വിലയിരുത്തുകയും ജില്ലകളിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്.<br><br>വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിന് ബഹു. മുഖ്യമന്ത്രി / ചീഫ് സെക്രട്ടറി എന്നിവരുടെ അധ്യക്ഷതയിൽ കൃത്യമായ യോഗങ്ങൾ നടത്തുന്നുണ്ട്. |
| (ബി) | നിലവിൽ എത്ര റീച്ചുകളിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ ദേശീയപാതകളിൽ 9 റീച്ചുകളിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | മറ്റ് റീച്ചുകളിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ ദേശീയപാതകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | ദേശീയപാത 66 വികസനത്തിനുള്ള ഭൂമി സമയബന്ധിതമായി ഏറ്റെടുക്കുന്നതിനായി സംസ്ഥാന സർക്കാർ ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; ഇതു മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ദേശീയപാത 66 ന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇതുവരെ കിഫ്ബി മുഖേന 5580,73,80,071/- രൂപ സംസ്ഥാന വിഹിതമായി ദേശീയപാത അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ഈ തുക മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം-I</u>

| Sr. No. | Name of Project | Estimated Cost (In Rs. Cr.) |
|---|---|---|
| 1. | 4-Laning of Thrissur (Km 270.000) to Angamali (Km 316.700) and Improvement, Operation & Maintenance of Angamaly (316.700) to Edapally (Km 342.000) on NH-47 (New NH-544) BOT(Toll) | 312.54<br>(as per CA) |
| 2. | 4 Laning of Walayar (Km 182.250) to Vadakkanchery (Km 240.000) on NH-47 (New NH-544) BOT(Toll) | 682.00<br>(as per CA) |
| 3. | 4- lane NH connectivity to ICTT Vallarpadam from Kalamassery (0+000 km) to Vallarpadam (17+121 km) on NH-966A (old NH-47C) | 909.00 |
| 4. | Edappally-Vytilla-Aroor section on NH-66 | 184.00 |
| 5. | Four laning of Kazhakkoottam to Mukkola Section from Km.0+000 to Km.26+500 of NH-47 in the State of Kerala under NHDP Phase III on EPC mode | 1038.35 |
| 6. | 6 Laning of Vadakkanchery (Km 240.000) to Thrissur (Km 270.000) on BOT(Toll) basis in the State of Kerala under NHDP Phase-II | 910.00 |
| 7 | Construction of New 4-Lane Elevated Highway (2x10.5m wide twin two lane structures) including approaches & service roads connecting Kazhakuttam Junction and Technopark Junction from Km.547+080 to Km.549+801 on EPC mode | 334.01 |
| 8 | 4 Laning of Thiruvananthapuram Bypass from Mukkola to Kerala / Tamil Nadu Border (Km. 26.500 to Km. 43.000) on NH-66 on EPC Mode | 1224.34 |
| 9 | Construction of 4-lane ROB near Neeleshwaram Town (Pallikara Railway Gate) from Km. 93.468 (Existing Km. 95.650) to Km. 94.248 (Existing Km. 96.450) on NH-66 | 84.46 |
| **Total Length Completed by NHAI** | | **5678.71 Cr** |

# അനുബന്ധം-II

| S. No | Project Name | Physical Progress | District |
|---|---|---|---|
| 1. | Six Laning of Thalapady to Chengala section of NH-17 in the State of Kerala from Ch.17+200 (Existing km 17+200) to km Ch.56+200( Existing 57+200) on Hybrid Annuity mode under Bharatmala Pariyona | 58.10% | Kasaragod |
| 2. | Six Laning of Chengala to Neeleshwaram section of NH-17 (New NH-66) from Ch. 56+200 (existing km 57-r200) to Ch. 93+468(eisting km95+650)Totalengj 37.268 kminthe State of Kerala on Hybrid Annuity Mode under Bharatmala Pariyojna | 46.00% | Kasaragod |
| 3 | Six Laning of Neeleshwaram to Thaliparambha section from Ch. 94+540 (existing km 96+450) to Ch. 134+650 (existing Km 137+900) (Total length 40.11 km) in the State of Kerala on Hybrid annuity Mode under Bharatmala Pariyojna | 33.40% | Kasaragod and Kannur |
| 4 | Six Laning of Thaliparambha- Muzhapilangad section from Km 134+650 (Existing 137.900) to Km.164+598 (Existing 170.600) of NH-17 (New NH-66) (project length 29.948 km) in the State of Kerala on Hybrid annuity Mode under Bharatmala Pariyojana | 41.31% | Kannur |
| 5 | Six laning of Ramanattukara Junction to start of Valanchery bypass section | 48.12% | Kozhikode & Malappuram |
| 6 | Six laning from start of Valanchery bypass to Kappirikkad-section- | 55.30% | Malappuram |
| 7 | Six laning from Kappirikkad to Thalikulam section | 30.50*/ | Thrissur |
| 8 | Six laning from Thalikulam to Kodungallur section | 26.94% | Thrissur |
| 9 | Six laning from Kodungallur to Edapally section | 26.27% | Ernakulam |
| 10 | Six Laning of Thuravoor (Design Ch. 378.612) - Paravoor (Design Ch. 417.000) section of New NH-66 | 19.40% | Alappuzha |
| 11 | Six Laning of Paravoor (Design Ch.417+000) - Kottukulankara (Design ch.454+500)Section Of New NH-66 | 20.40% | Alappuzha |
| 12 | Construction of 6 lane Elevated Corridor along with development of existing 4 lane road at ground level from Aroor to Thuravoor Thekku section of NH 66 (from Km. 366+330 to Km.379+082 of NH-66) | 13.33% | Alappuzha |
| 13 | 6 laning from Kollam Bypass to Kadambattukonam (KM 486+222 to 517+250) section of NH-66 | 31.00% | Kollam |
| 14 | 6 laning from Kadambattukonam to Kazhakuttom (KM 517+250 to 547+080) section of NH-66 | 21.05 % | Trivandrum |
| 15 | 6 laning of Kotukulangara to start of Kollambypass section of NH 47(new NH 66)Design Ch: 454+500 to design Ch: 486+00) | 38.03 % | Kollam |
| 16 | Four-Laning of Thalassery — Mahe Bypass section of NH-17(New NH-66) from Km.170.600 (Design Chainage 170.600) to Km. 188.000(Design Chainage Km. 189.200) under NHDP Phase-III on EPC mode in the State of Kerala | 98.30% | Kannur- Mahe - Kozhikode |
| 17 | Six laning of Kozhikode Bypass from Vengalam Jn to Ramanattukara Jn.(Km 230.400 to Km. 258.800)(Design Chainage) | 57.50% | Kozhikode |
| 18 | Construction of Six lane Minor Bridge (Paloli Palam) at Km 203.160, Major Bridge (Moorad) at Km 2@.895 & allied works like 6 lane Main Carriageway with Service Road for the section Km.203.000 to Km.205.100 (length of 2.1 Km) of NH-17 (New NH-66) under Bharatmala Pariyojna in the State of Kerala on EPC mode | 86.89% | Kozhikode |
| 19 | Six Laning of Azhiyur to Vengalam section from Ch. 189.200 (existing km 188.000) to Ch. 232.100 (existing Km 230.400) (Total length 40.8 km) in the State of Kerala on Hybrid annuity Mode under Bharatmala Pariyojna | 34.90% | Kozhikode |